LIBRARY ARCHIVES Kerala Legislative Assembly

അഗസ്ത്യാർകൂടം മലനിരകളിലെ ജന്തു-സസ്യ വൈവിധ്യത്തെപ്പറ്റി പഠനം

13 [*303] ശ്രീ. ഡി. സുഗതൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, സി. പി. മുഹമ്മദ്:
,, കെ. എ. ചന്ദ്രൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗസ്ത്യാർകൂടം മലനിരകളിലെ ജന്തു-സസ്യ വൈവിദ്ധ്യത്തെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) അഗസ്ത്യാർകൂടം മലനിരകളിൽ കല്ലാന ഉണ്ടെന്ന വിവരം കിട്ടിയിട്ടുണ്ടോ;

(സി) വളരെ വിരളമായി കാണുന്ന മറ്റു ജന്തുക്കൾ അവിടെയുണ്ടോ എന്ന് കണ്ടെത്തുന്നതിന് പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) വിവരം കിട്ടിയിട്ടില്ല.

(സി) അഗസ്ത്യാർകൂടം മേഖലയിൽവരുന്ന നെയ്യാർ, പേപ്പാറ സാങ്ച്വറികളിൽ ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തുന്നത് അവയുടെ മാനേജ്മെന്റ് പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കണ്ടൽക്കാട് വച്ചുപിടിപ്പിക്കൽ

14 [*304] ശ്രീ. വർക്കല കഹാർ :
,, വി. ജെ. പൗലോസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കടലാക്രമണ ഭീഷണിയുള്ള സ്ഥലങ്ങളിൽ കണ്ടൽക്കാട് വച്ചുപിടിപ്പിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടോ എന്നും അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

അടുത്ത കാലത്തുണ്ടായ സുനാമിദുരന്തത്തിൽ കണ്ടൽക്കാടുകളുള്ള തീരപ്രദേശങ്ങളിൽ കടലാക്രമണത്തെ പ്രതിരോധിക്കാൻ ഒരു പരിധി വരെ സാധിച്ചതായി വിദഗ്ദ്ധരും മാധ്യമങ്ങളും അഭിപ്രായപ്പെടുകയുണ്ടായി. ഈ അഭിപ്രായങ്ങൾ കണക്കിലെടുത്ത് 55 കോടി രൂപയുടെ ഒരു വനവല്ക്കരണ പദ്ധതി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തീരപ്രദേശങ്ങളിൽ നിലവിലുള്ള കണ്ടൽക്കാടുകളുടെ സംരക്ഷണവും പുതിയവ നട്ടുവളർത്തുന്നതും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.